**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1299** **21.03.2013-ൽ മറുപടിക്ക്**

# നിർമ്മാണത്തിലുള്ള റെയിൽവേ മേൽപ്പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ടെന്നറിയിക്കുമോ ; | (എ) ആർ.ബി.ഡി.സി.കെ-യുടെ കീഴിൽ ഇപ്പോൾ 16-ഉം എൻ.എച്ച്. ഡി.പി-യിൽ ഉൾപ്പെടുത്തി രണ്ടും, ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഒന്നും, നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഒന്നും മേൽപ്പാലങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ട്. |
| (ബി) ഫണ്ടിന്റെ അപര്യാപ്തത മൂലം ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; | (സി) ആർ.ബി.ഡി.സി.കെ-യുടെ കീഴിലുള്ള 7 എണ്ണത്തിന്റെ നിർമ്മാണം അടുത്ത 4 മാസത്തിനുള്ളിലും ബാക്കി 9 എണ്ണത്തിന്റെ നിർമ്മാണം 2014 മാർച്ച് മാസത്തോടെയും നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള ഒരെണ്ണത്തിന്റെ നിർമ്മാണം 2013 മേയ് 31-നകവും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള കഴക്കൂട്ടം ആർ.ഒ.ബി-യുടെ ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ എന്തെങ്കിലും പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (ഡി) | ആർ.ബി.ഡി.സി.കെ-യുടെ കീഴിൽ അങ്ങാടിപ്പുറം - ഏരൂർ മേൽപ്പാലത്തിനും ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കഴക്കൂട്ടം ആർ.ഒ.ബി-യ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം അരംഭിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് പുതിയ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ? | (ഇ) | ഉണ്ട്. |

സെക്ഷൻ ഓഫീസർ